എങ്കിൽതന്നെയും ഇപ്പോൾ എംബസ്സിയിൽ നിന്നും കിട്ടുന്ന വിവരം, അവരുടെ നിയമമനുസരിച്ചുള്ള ശിക്ഷയിൽ നമ്മൾ ഇടപെടാൻ പാടില്ലെന്നുള്ളതാണ്. അതാണ് അവരുടെ ആറ്റിറ്റ്യൂഡ്; വിശേഷിച്ചും സൗദി അറേബ്യയിൽ. അത് അവരുടെ നിയമമാണ്. അതിൽ നമുക്ക് ഇടപെടാൻ പറ്റില്ലെന്നാണ് പറയുന്നത്. ഡെഡ് ബോഡി കൊണ്ടുവരുന്നത് സംബന്ധിച്ച് വളരെ കാര്യമായി വേണ്ടത് ചെയ്യുന്നുണ്ട്. അവർക്ക് സ്വയം കഴിയാത്ത കേസുകളിൽ പണം മുഴുവൻ ചെലവാക്കി നമ്മൾ കൊണ്ടുവരുന്നുണ്ട്. ഇതൊരു തുടക്കമല്ലേ? പണ്ട് ഇല്ലാതിരുന്ന ഒരു സിസ്റ്റമാണ്. ഇപ്പോൾ അതിന് ഒരു വകുപ്പ് വന്നു. ആ വകുപ്പുമൂലം കുറെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എല്ലാം പൂർണ്ണമാണെന്ന് ഗവൺമെന്റ് പറയുന്നില്ല. പക്ഷെ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ വിശ്വാസം.

(7) പിൽഗ്രിം ടൂറിസം പദ്ധതിയിൽ മാവേലിക്കര ചെട്ടിക്കുളങ്ങരയിലെ പുരാതന ക്ഷേത്രംകൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. എം. മുരളി: സർ, പിൽഗ്രിം ടൂറിസം ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത്, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്ന ഒരു പ്രോജക്ടാണ്. തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി എന്റെ നിയോജക മണ്ഡലത്തിലെ മാവേലിക്കര ചെട്ടിക്കുളങ്ങര ദേവീക്ഷേത്രമുൾപ്പെടെ, വളരെയേറെ ഭക്തജനങ്ങൾ പ്രവഹിച്ചുകൊണ്ടിരിക്കുന്ന പരുമല ദേവാലയമുൾപ്പെടെയുള്ള ക്ഷേത്രങ്ങളും ദേവാലയങ്ങളും ഉൾക്കൊണ്ടുകൊണ്ട് ബൃഹത്തായ ഒരു പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും രൂപം നൽകിയതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സ്കീം അടിയന്തിരമായി ആരംഭിക്കണം. കുംഭഭരണി മഹോത്സവവും കെട്ടുകാഴ്ച ഉത്സവവും വരാൻ പോകുകയാണ്. ലക്ഷക്കണക്കിന് ഭക്തജനങ്ങളെ ആകർഷിക്കുന്ന ചെട്ടിക്കുളങ്ങര ദേവീക്ഷേത്രം, ശബരിമല കഴിഞ്ഞാൽ വരുമാനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഏറ്റവും വലിയ ക്ഷേത്രമാണ്. ആ ക്ഷേത്രവുമായിക്കൂടി ബന്ധപ്പെട്ടു കൊണ്ട് ആവിഷ്ക്കരിച്ചിരിക്കുന്ന നിർദ്ദിഷ്ട പിൽഗ്രിം ടൂറിസം പ്രോഗ്രാം അടിയന്തിരമായി തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനു മുൻപുതന്നെ നടപ്പിലാക്കാൻ അങ്ങ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ദേശീയവും അന്തർദ്ദേശീയവുമായി പ്രശസ്തി നേടിയിട്ടുള്ള സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി പിൽഗ്രിം ടൂറിസം എന്ന പേരിൽ ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിപ്രകാരം സംസ്ഥാനത്ത് നിരവധി ആരാധനാലയങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തന്നെ സഹായം അനുവദിച്ചിട്ടുണ്ട്. ഏഴ് കോടിയോളം രൂപ ധനസഹായമായി ഈ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളായ ബീമാപള്ളി, വെട്ടുകാട് ചർച്ച്, വർക്കല ശിവഗിരി, ആറ്റുകാൽ ടെമ്പിൾ തുടങ്ങിയ വളരെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിക്കൊണ്ടാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. അതുകൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ സമർപ്പിച്ച 7,04,45,000 രൂപയുടെ ഒരു പ്രോജക്ട് ഉണ്ട്. അതിന് കേന്ദ്രത്തിൽ നിന്നും അനുമതി കിട്ടിക്കഴിഞ്ഞിരിക്കുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങൾ വർക്കല ജനാർദ്ദനസ്വാമി ടെമ്പിൾ, അമ്പലപ്പുഴ ടെമ്പിൾ, പരുമല ചർച്ച്, ഓച്ചിറ ടെമ്പിൾ, വല്ലാർപാടം ചർച്ച്, വൈക്കം മഹാദേവ ടെമ്പിൾ, ചേരമാൻ മസ്ജിദ്, ഭരണങ്ങാനം ചർച്ച്, തിരുനാവായ ടെമ്പിൾ, കൊട്ടിയൂർ ടെമ്പിൾ, കൂടൽ മാണിക്യം ടെമ്പിൾ, വെള്ളായണി ദേവീക്ഷേത്രം, ആറാട്ടുപുഴ ടെമ്പിൾ എന്നിവയോടൊപ്പം ചെട്ടിക്കുളങ്ങര ക്ഷേത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പല പ്രാവശ്യം ആവശ്യപ്പെട്ടതും അഭ്യർത്ഥിച്ചതുമാണ്. ഇപ്പോൾ ഇതിനകത്ത് കൂട്ടിച്ചേർക്കുന്ന ക്ഷേത്രങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിക്കു വേണ്ടിയുള്ള അന്തിമ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേവലം പത്ത് ദിവസത്തിനുള്ളിൽ ഭരണാനുമതി നൽകാൻ കഴിയും. മാർച്ച് മാസം ആദ്യത്തോടുകൂടി ഇതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 14 കോടി രൂപ, തീർത്ഥാടന കേന്ദ്രങ്ങൾ കണക്ട് ചെയ്തു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി കൊടുത്തിട്ടുണ്ട്. ആലപ്പുഴ അർത്തിങ്കൽ ചർച്ച്, പുങ്കാവ് ചർച്ച് തുടങ്ങിയ പള്ളികളും ക്ഷേത്രങ്ങളും മുസ്ലീം ദേവാലയങ്ങളുമൊക്കെ അപേക്ഷ കിട്ടിയ മുറയ്ക്കാണ് കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും അനുമതിയോടു കൂടി നടപ്പിലാക്കിയിട്ടുള്ളത്.

(8) ചാത്തന്നൂർ മണ്ഡലത്തിലെ മുട്ടയ്ക്കാവ് പാലത്തിന്റേയും പരവൂർ കോടതി സമുച്ചയത്തിന്റേയും പണി പുനരാരംഭിക്കണമെന്ന ആവശ്യം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, കൊല്ലം ആയൂർ റോഡിൽ എന്റെ നിയോജകമണ്ഡലത്തിലെ മുട്ടയ്ക്കാവ് പാലം 1998-ൽ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഏറ്റെടുത്ത് പണിയാരംഭിച്ചത്. രണ്ട് വർഷത്തിനകം പണി പൂർത്തിയാക്കേണ്ടിയിരുന്ന ഈ പാലം അഞ്ച് വർഷമായിട്ടും 25 ശതമാനം പണിപോലും പൂർത്തിയാക്കാത്തതുകൊണ്ട് അവരെ 2003-ൽ ടെർമിനേറ്റ് ചെയ്തു. പിന്നീട് രണ്ട് തവണ ടെണ്ടർ ചെയ്തിട്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്യാത്തതുകൊണ്ട് കോൺട്രാക്ടർമാർ ടെണ്ടർ കൈക്കൊണ്ടില്ല. അതിനുശേഷം ആരംഭിച്ച കെ.എസ്.ടി.പി.-യിലെ കൊല്ലം ആയൂർ റോഡിന്റെ പണി പൂർണ്ണമായും പൂർത്തിയായി. പക്ഷേ വർഷം എട്ടായിട്ടും ഈ പാലം പണി 25 ശതമാനത്തിൽ നിൽക്കുന്നതിൽ നിന്നും ഒരിഞ്ചുപോലും മുന്നോട്ടുപോയിട്ടില്ല. ആ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ പരവൂർ കോടതിയുടെ പണി 2004 ജനുവരിയിൽ ആരംഭിച്ച് 2005-ൽ പൂർത്തിയാക്കേണ്ടിയിരുന്നുവെങ്കിലും ജില്ലാകോടതി ജഡ്ജിയുടെ നിർദ്ദേശാനുസരണം കരാറുകാരനെ 2005-ൽ ടെർമിനേറ്റ് ചെയ്തുവിട്ടു. പക്ഷെ പിന്നീട് ഇതുവരെ പുനർ ദർഘാസ് നടന്നിട്ടില്ല. ഇപ്പോൾ അതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. അതും പൂർത്തിയാക്കുന്നതിന് മരാമത്ത് വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly